STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.324/PR/SPMC/PHQ/2021 Date :27.07.2021

## കോടതി അഭിനന്ദിച്ച പോലീസ് നായ ജെറിക്ക്

## സംസ്ഥാന പോലീസ് മേധാവിയുടെ കമന്റേഷൻ മെഡൽ സമ്മാനിച്ചു

കൊലപാതകക്കേസ് തെളിയിക്കാൻ പോലീസിനെ സഹായിച്ചതിന് കോടതിയുടെ അഭിനന്ദനം ലഭിച്ച പോലീസ് നായ ജെറിക്ക് സേനയുടെ സ്നേഹാദരം. ട്രാക്കർ ഡോഗ് ജെറിയെ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് പോലീസ് ആസ്ഥാനത്ത് ക്ഷണിച്ചുവരുത്തിയാണ് ആദരിച്ചത്. സംസ്ഥാന പോലീസ് മേധാവി ഡി.ജി.പിയുടെ കമന്റേഷൻ മെഡൽ ജെറിയെ അണിയിച്ചു. പോലീസ് നായയുടെ ഹാന്റ്ലർമാരായ വിഷ്ണു ശങ്കർ.വി.എസ്, അനൂപ്.എം.വി എന്നിവർക്ക് എ.ഡി.ജി.പി മനോജ് എബ്രഹാം ക്യാഷ് അവാർഡ് സമ്മാനിച്ചു. ബറ്റാലിയൻ ഡി.ഐ.ജി പി.പ്രകാശും ചടങ്ങിൽ സംബന്ധിച്ചു.

കടയ്ക്കാവൂരിൽ വീട്ടമ്മ കൊല്ലപ്പെട്ട കേസ് അന്വേഷിക്കുന്നതിന് പോലീസിനെ സഹായിച്ച ജെറിയെ തിരുവനന്തപുരം അഡിഷണൽ സെഷൻസ് കോടതി അഭിനന്ദിച്ചിരുന്നു. ലാബ്രഡോർ റിട്രീവർ ഇനത്തിൽപെട്ട ജെറി 2016 ലാണ് തിരുവനന്തപുരം റൂറൽ പോലീസിന്റെ ഭാഗമായത്. അഞ്ചുവർഷത്തെ സേവനത്തിനിടെ പാലോട്, കിളിമാനൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ മൂന്ന് കൊലപാതകക്കേസുകൾ ഉൾപ്പെടെ നിരവധി കേസുകൾ തെളിയിക്കാൻ ജെറി സഹായിച്ചു. മികച്ച ട്രാക്കർ ഡോഗിനുള്ള മെഡൽ ലഭിച്ചിട്ടുണ്ട്.

*************************